പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.119** **03.12.2018-ൽ മറുപടിക്ക്**

**<u>പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തൽ</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ. പാറക്കൽ അബ്ദുല്ല**<br>**,, എൻ. ഷംസുദ്ദീൻ**<br>**ഡോ.എം. കെ. മുനീർ**<br>**ശ്രീ.പി.കെ.ബഷീർ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മയും നിലവാരവും ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള ക്വാളിറ്റി ഓഡിറ്റിംഗ് നടപ്പിലാക്കുന്നുണ്ട്. ഗുണനിലവാര പരിശോധന നിർമ്മാണ ഘട്ടത്തിൽ സൈറ്റിൽത്തന്നെ പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട്, കൂടാതെ ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖേന പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. പ്രവൃത്തികൾ സുതാര്യമാക്കുന്നതിന്റെയും ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെയും ഭാഗമായി സർക്കാർ ഉത്തരവ് G.O(Ms)No.1/2018/PWD തീയതി 05/01/2018 പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. റോഡുകളുടെ നിലവാരം ഉയർത്തുന്നതിനായി എൻ.ആർ.എം.ബി (നാച്വറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ), വേസ്റ്റ് പ്ലാസ്റ്റിക് തുടങ്ങിയ പ്രാദേശിക അസംസ്കൃത വസ്തുക്കൾ കയർ, ജിയോ ടെക്സ്റ്റൈൽസ്, റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കുന്നുണ്ട്. പ്രവൃത്തികളിൽ നൂതന രീതികളും, ആധുനിക സാങ്കേതിക വിദ്യകളും യന്ത്രങ്ങളും, പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികളും അവലംബിച്ച് ഗുണമേന്മയും, ഈടുറ്റതുമായ നിർമ്മിതികൾ ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി Three-tier Quality Control System നിലവിലുണ്ട്. |

ഇതിൻ പ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്താറുണ്ട്. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി ടി വകുപ്പിന്റെ അധീനതയിൽ ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ഓഫീസും അതിനോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിച്ചു വരുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനിൽ പ്രവർത്തിച്ചു വരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുമ്പോൾ പ്രവൃത്തി നടക്കുന്ന സ്ഥലം സന്ദർശിക്കുകയും ചെയ്ത പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുക, സാമ്പിളുകൾ ശേഖരിക്കുക ആയവ ക്വാളിറ്റി കൺട്രോൾ ലാബിൽ എത്തിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറാണ് ഉള്ളത്. ആയതിന്റെ പരിശോധന ഫലം ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറുകയും ചെയ്യാറുണ്ട്. അഞ്ച് കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗും ഏർപ്പെടുത്തുന്നതിനായി സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ ദേശീയപാത വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യൂയർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്.

പൊതുമരാമത്ത് ജില്ലാ ഓഡിറ്റ് സമിതികളിൽ അതാത് പ്രവൃത്തി സ്ഥലങ്ങളിലെ എം.എൽ.എ. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നു. റോഡുകൾ, പാലങ്ങൾ

ഉടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിരതാമസക്കാരനായ ഏതൊരാൾക്കും ജില്ലാ സമിതി മുമ്പാകെ നൽകാവുന്നതാണ്.

(ബി) വൻ തുക മുടക്കി നിർമ്മാണം പൂർത്തിയാക്കിയ പൊതുമരാമത്ത് പ്രവൃത്തികൾ പലതും നിശ്ചിത കാലാവധിക്കു മുൻപ് തന്നെ തകരാറിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(ബി) കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ അവ കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കം ചെയ്ത് ഗുണനിലവാരത്തോടു കൂടി പുനർ നിർമ്മിക്കാൻ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. വിവിധ പ്രവൃത്തികൾക്ക് നിഷ്കർഷിച്ചിട്ടുള്ള ലയബിലിറ്റി പിരീഡിനുള്ളിൽ ഉണ്ടാകുന്ന കേടുപാടുകൾ കരാറുകാരനെക്കൊണ്ട് പരിഹരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ